കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2008-2009 വർഷത്തെ പ്രോജക്റ്റ് - വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാട്ടുവെട്ട് യന്ത്രത്തിന് സബ്സിഡി നൽകിയ ഇനത്തിലുള്ള 1,20,000 രൂപാ (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയത്) യുടെ ചെലവ് -സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.1840/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,03.06.2016

---

പരാമർശം : 1. മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18.03.2014 – തിയതിയിലെ എ 2-111/2014 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2015 – തിയതിയിലെ എം3/14407/15 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.09.2015 – തിയതിയിലെ എൽ.എഫ്.8303/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2008-2009 – ലെ 22-ാം നമ്പർ പ്രോജക്റ്റ് പ്രകാരം 12 ഗുണഭോക്താക്കൾക്ക് കാട്ടുവെട്ട് യന്ത്രത്തിന് 50% സബ്സിഡി നൽകിയ ഇനത്തിലുള്ള 1,20,000 രൂപാ (ഒരു ലക്ഷത്തി ഇരുപതിനായിരം മാത്രം) വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാട്ടുവെട്ട് യന്ത്രത്തിന് സബ്സിഡി നൽകാൻ സർക്കാർ ഉത്തരവില്ലായെന്ന കാരണത്താൽ 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ ട്രാക്ടർ, കൊയ്ത്തുയന്ത്രം തുടങ്ങിയ വലിയ യന്ത്രങ്ങളാണ് വ്യക്തിഗത ആനുകൂല്യ പദ്ധതികളിൽ നൽകാൻ കഴിയാത്തതായി കാണിച്ചിരിക്കുന്നതെന്നും വീഡ് കട്ടർ ഇത്തരം വലിയ യന്ത്രങ്ങളുടെ ശ്രേണിയിൽപ്പെടാത്തതിനാലും സബ്സിഡി മാനദണ്ഡങ്ങളിൽ വ്യക്തമായി പറയാതിരുന്നതിനാലുമാണ് കൃഷിവകുപ്പ് പ്രസ്തുത ഉപകരണം വ്യക്തിഗത ഇനത്തിൽ നൽകിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ ശുപാർശ നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് പണം ചെലവഴിച്ചിരിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ

സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും സൂചന മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2008-2009 വർഷത്തെ പ്രോജക്റ്റ് നംപർ 22- വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാട്ടുവെട്ട് യന്ത്രത്തിന് സബ്സിഡി നൽകിയ ഇനത്തിലുള്ള 1,20,000 രൂപായുടെ (ഒരു ലക്ഷത്തി ഇരുപതിനായിരം മാത്രം) (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയത്) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സിദ്ധാർത്ഥൻ.എസ്,
ഡെപ്യൂട്ടിസെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ